**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 948** **29-08-2022 - ൽ മറുപടിയ്ക്ക്**

**ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് നിയമനങ്ങൾക്ക് ശിപാർശ നൽകുന്ന റൊട്ടേഷൻ സമ്പ്രദായത്തിൽ മൂന്നാമത് സ്ഥാനം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിന് നൽകിയത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ; | (എ) | സാമ്പത്തികമായി പിന്നാക്കം നിൽകുന്നവർക്കുളള സംവരണം ഭരണഘടനാ ഭേദഗതി പ്രകാരം ഓപ്പൺ കോമ്പറ്റീഷൻ (OC) ടേണിൽ നിന്നാണ് നൽകേണ്ടത്. 2015-ലെ കേരള ദേവസ്വം റിക്രൂട്ടമെന്റ് ബോർഡ് ചട്ട പ്രകാരം ഒന്നും മൂന്നും ടേണുകൾ ഓപ്പൺ കോമ്പറ്റീഷൻ (OC) ക്വാട്ടയാണ്. ഇതിൽ രണ്ടാമത് വരുന്ന ഒ സി ടേൺ ഇ ഡബ്ള്യ എസ് ന് നൽകികൊണ്ട് സർക്കാർ നിയമം ഭേദഗതി വരുത്തുകയാണ് ചെയ്തിട്ടുളളത്. |
| (ബി) | ഇപ്പോഴത്തെ രീതിയിൽ നിയമനം നടന്നാൽ നിയമനങ്ങളിൽ 50% ഓപ്പൺ ക്വാട്ട നിലനിർത്തണമെന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമാകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഇപ്പോഴും 50% ഓപ്പൺ ക്വാട്ട നിലനിർത്തിക്കൊണ്ടാണ് കെ.ഡി.ആർ.ബി ചട്ടത്തിലെ ചട്ടം 3(2)ലെ റൊട്ടേഷൻ ചാർട്ട് തയ്യാറാക്കിയിട്ടുളളത്. |
| (സി) | മൂന്നാം സ്ഥാനം ഇ-ഡബ്ല്യൂ.എസ് -ന് നൽകിയതുകൊണ്ട് നാലുപേർക്ക് നിയമനം നൽകുമ്പോൾ 50 ശതമാനം ഓപ്പൺ ക്വാട്ട നിലനിർത്തുന്നതിന് വേണ്ടി നാലാമത് നിയമനം ലഭിക്കേണ്ട പട്ടികജാതി വിഭാഗത്തിലെ ഉദ്യോഗാർത്ഥിക്ക് അവസരം നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | നാല് പേർക്ക് മാത്രം നിയമനം നൽകേണ്ടി വരുന്ന സാഹചര്യത്തിൽ നാലാമത്തെ ടേൺ ആയ എസ് സി യെ താൽക്കാലികമായി മാറ്റിനിർത്തേണ്ടിവരും . നിലവിൽ 5 തസ്തികകളിൽ SC വിഭാഗത്തിൽപ്പെട്ടവരെ താൽക്കാലികമായി മാറ്റി നിർത്തിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ എത്രപേർക്ക് ഏതെല്ലാം തസ്തികകളിൽ ഇത്തരത്തിൽ അവസരം നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ഡി) | നാല് പേർക്ക് മാത്രം നിയമനം നൽകേണ്ടി വരുന്ന സാഹചര്യത്തിൽ നാലാമത്തെ ടേൺ ആയ എസ് സി യെ താൽക്കാലികമായി മാറ്റിനിർത്തേണ്ടിവരും . നിലവിൽ 5 തസ്തികകളിൽ SC വിഭാഗത്തിൽപ്പെട്ടവരെ താൽക്കാലികമായി മാറ്റി നിർത്തിയിട്ടുണ്ട്. . |
| (ഇ) | റൊട്ടേഷൻ റോസ്റ്ററിൽ ഇ-ഡബ്ല്യൂ.എസ് വിഭാഗത്തിന് ആറാമത് സ്ഥാനം നൽകിയാൽ ഈ പ്രശ്നം പരിഹരിക്കപ്പെട്ടുമെന്ന് ശ്രദ്ധയിൽ വരികയോ, പരിശോധന നടത്തുകയോ | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| | ചെയ്തിട്ടുണ്ടോ ? ഇല്ലെങ്കിൽ അപ്രകാരം ആറാം സ്ഥാനം നൽകി ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | | |
| (എഫ്) | ഇതു സംബന്ധിച്ച് സർക്കാരിന് ആരിൽ നിന്നെല്ലാം എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാകുമോ? | (എഫ്) | എസ് സി /എസ്റ്റി എംപ്ലോയീസ് വെൽഫെയർ അസോസിയേഷൻ സ്റ്റേറ്റ് കമ്മിറ്റിയിൽ നിന്നും പരാതി ലഭ്യമായിട്ടുണ്ട് .<br>കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ഷെഡ്യൂൾഡ് കാസ്റ്റ് ആൻറ് ഷെഡ്യൂൾഡ് ട്രൈബ്സ് കമ്മീഷൻ പത്ര വാർത്തയുടെ അടിസ്ഥാനത്തിൽ സ്വമേധയാ കേസെടുത്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ